പൂർണ സംരക്ഷണം ഉറപ്പുവരുത്തുക മാത്രമാണ്, ഒരു പീനൽ നടപടിയും ഒരു കൺസ്യൂമറുടെ പേരിലും സ്വീകരിക്കുന്നതല്ല എന്ന് കോടതിയെ അറിയിക്കുകയും ബഹുമാനപ്പെട്ട കോടതി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു ഘട്ടത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിറുത്തിക്കൊണ്ടുതന്നെ ഞാൻ പറയുന്നു, ഒരു നയാപൈസപോലും കൺസ്യൂമറിൽ നിന്ന് പീനൽ നടപടിയുടെ പേരിൽ ഈടാക്കില്ല. അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിരക്ഷ ഏർപ്പെടുത്തുവാനുള്ള ഒരു സംരക്ഷണ നടപടി സ്വീകരിച്ചാൽ അതിനെ എതിർക്കുന്നത് അങ്ങേയറ്റം നിർഭാഗ്യകരവും ഒരു വിഷയദാരിദ്ര്യത്തിന്റെ നടുവിൽ പ്രതിപക്ഷം അകപ്പെട്ടുലയുന്നു എന്നുള്ളതിന്റെ സൂചനയും മാത്രമായിട്ടേ ഞാൻ ഇതിനെ കണക്കാക്കുന്നുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കൺസ്യൂമർ കാർഡിനെക്കുറിച്ച് കേരളത്തിലുള്ള എല്ലാ വിഭാഗം ആളുകൾക്കും ആശങ്കയുണ്ട്. അതുകൊണ്ട് ഒരു കൂടിയാലോചനയ്ക്കെങ്കിലും ഗവണ്മെന്റ് തയ്യാറാകണം. ഇവിടത്തെ ഉപഭോക്തൃസംഘടനകളോടും രാഷ്ട്രീയപാർട്ടി പ്രതിനിധികളോടും ട്രേഡ് യൂണിയനുകളോടും ഒരു കൂടിയാലോചനയ്ക്കെങ്കിലും തയ്യാറാകണം. കേരളത്തിലെ 90 ശതമാനം വരുന്ന ജനങ്ങൾ, അതായത് അറുപത്തിയാറ് ലക്ഷം ഉപഭോക്താക്കൾക്കുവേണ്ടി ഒരു കൂടിയാലോചനയ്ക്കെങ്കിലും തയ്യാറാകണമെന്ന് പറഞ്ഞിട്ട് ആ മിതമായ, ന്യായമായ ആവശ്യംപോലും അംഗീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുന്നില്ല. ഇതിനുശേഷം ഇവിടെ ചർച്ച ചെയ്യാൻ പോകുന്ന അധികാരവികേന്ദ്രീകരണത്തെ പൂർണ്ണമായും ഞങ്ങൾ അനുകൂലിക്കുന്നവരാണ്. പക്ഷെ കേരളത്തിലെ ജനവികാരം മാനിക്കാൻ തയ്യാറാകാത്ത കേരളത്തിലെ 66 ലക്ഷം ഉപഭോക്താക്കൾക്കുവേണ്ടി ജനാധിപത്യത്തിലെ പ്രാഥമിക നടപടി എന്ന നിലയിൽ ഒരു കൂടിയാലോചനയ്ക്കുള്ള മര്യാദപോലും കാണിക്കാത്ത ഈ ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം ഈ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി).

III. മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 1999 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തെ 2-ാം നമ്പർ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവണ്മെന്റിനെ സംബന്ധിച്ച 1999 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ 2-ാം നമ്പർ കമേഴ്സ്യൽ റിപ്പോർട്ടും 3-ാം നമ്പർ സിവിൽ റിപ്പോർട്ടും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly